**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **08-08-2023 - ൽ മറുപടിയ്ക്ക്**

**വിമുക്തിയുടെ ആലപ്പുഴ ജില്ലാ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിമുക്തിയുടെ ആലപ്പുഴ ജില്ലാ കേന്ദ്രം പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിമുക്തി കേന്ദ്രത്തിന്റെ നവീകരണത്തിന് ആവശ്യമായ വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ച് വന്നിരുന്ന വിമുക്തി ഡി-അഡീക്ഷൻ സെന്റർ, ടി ആശുപത്രിയിലെ നിർമ്മാണ / നവീകരണ പ്രവൃത്തികൾ മൂലം താത്കാലികമായി മാവേലിക്കര ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ച് വരികയാണ്. ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്, മാവേലിക്കര ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി-അഡീക്ഷൻ സെന്റർ ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ